## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3947** **19-03-2018 ൽ മറുപടിക്ക്**

### ഭൂരഹിതർക്ക് പട്ടയം നൽകലും നിബന്ധനകളും

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഭൂരഹിതർക്ക് പതിച്ച് നൽകുന്ന ഭൂമി, ഈട് നൽകി ബാങ്ക് വായ്പയെടുക്കുന്നതിനും 12 വർഷത്തിന് ശേഷം കൈമാറ്റം ചെയ്യുന്നതിനും സാധ്യമാകുന്ന വിധത്തിൽ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | (എ) | സ.ഉ (പി) നം.60/2017/റവ, തീയതി 17.08.2017 പ്രകാരം 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ചട്ടം 7,8,9 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതു പ്രകാരം ഭവന നിർമ്മാണത്തിനോ, കൃഷി ആവശ്യങ്ങൾക്കോ, ഭൂമി അഭിവൃദ്ധി പ്പെടുത്തുന്നതിനോ വേണ്ടി പതിച്ചു കിട്ടിയ ഭൂമി ഗവൺമെന്റിനോ, ബാങ്കിനോ, ധനകാര്യ സ്ഥാപനങ്ങൾക്കോ, റബർ ബോർഡിനോ, ടീ ബോർഡിനോ ജാമ്യമെന്ന രീതിയിൽ പണയപ്പെടുത്താവുന്നതാണ്. കൂടാതെ കൈവശമില്ലാത്ത ഭൂമി പതിച്ച് കിട്ടിയാൽ 25 വർഷത്തേക്ക് അന്യാധീനപ്പെടുത്തുവാൻ പാടില്ലായെന്നുള്ളത് 12 വർഷത്തേക്ക് എന്ന് പുനർ നിർണ്ണയം നടത്തിയിട്ടുണ്ട്. |
| (ബി) കുടിയേറ്റക്കാർക്കും, ഭൂരഹിതർക്കും പട്ടയം നൽകുന്നതിനായി പ്രത്യേകം, പ്രത്യേകം ഫോറങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | 17.08.2017 ലെ സ.ഉ (പി) നം.60/2017/റവ ഉത്തരവ് പ്രകാരം കൈവശമുള്ള ഭൂമിയ്ക്ക് പട്ടയം നൽകുന്നതിലേക്കായി അപ്പൻഡിക്സ് II ഉം കൈവശമില്ലാത്ത ഭൂമിയ്ക്ക് പട്ടയം നൽകുന്നതിലേക്കായി അപ്പൻഡിക്സ് IIA യും പട്ടയ ഫാറമായി ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) കുടിയേറ്റ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള വരുമാന നിബന്ധന എടുത്തുകളയുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | 17.08.2017 ലെ ജി.ഒ (പി) നം.60/17/ആർ.ഡി ഉത്തരവു പ്രകാരം കൈവശമുള്ള ഭൂമി പതിച്ചു നൽകുന്നതിന് മുൻഗണനയ്ക്കായി പരിഗണിച്ചിരുന്ന വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**